# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2822 10.03.2017-ൽ മറുപടിക്ക്

**<u>ഹയർസെക്കണ്ടറി പരീക്ഷ ഭാഷ ഇടകലർത്തി എഴുതുന്നതിനുള്ള വിലക്ക്</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് ഭാഷ ഇടകലർത്തി എഴുതുന്നതിനുള്ള വിലക്ക് പിൻവലിക്കുകയുണ്ടായോ; | (എ) യും (ബി) യും | പരീക്ഷാ മാന്വൽ പ്രകാരവും 2017-ലെ പരീക്ഷാ വിജ്ഞാപനപ്രകാരവും ഒരു വിദ്യാർത്ഥി ഇംഗ്ലീഷ്, തമിഴ്, മലയാളം, കന്നഡ എന്നിവയിൽ ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരമെഴുതാൻ പാടുള്ളൂ എന്നത് നിർദേശ രൂപത്തിൽ ഹാൾടിക്കറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പരീക്ഷാവേളയിൽ ഇപ്രകാരം ഒരു നിർദേശം പുറപ്പെടുവിച്ചത് വിദ്യാർത്ഥികളിൽ ആശയക്കുഴപ്പം ഉണ്ടാക്കിയെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശം പിൻവലിക്കുകയുണ്ടായി. ആയതിനാൽ മുൻ വർഷങ്ങളിൽ തുടർന്നുവന്ന രീതി 2017 മാർച്ചിലെ പരീക്ഷയിലും തുടരാനാകും. |
| (ബി) എങ്കിൽ മുൻ വർഷങ്ങളിൽ തുടർന്നു വന്ന രീതി 2017 മാർച്ച് പരീക്ഷയിൽ തുടരാനാകുമോ; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) പുസ്തക രൂപത്തിലുള്ള ലോഗരിതം ടേബിൾ പരീക്ഷാ ഹാളിൽ കൊണ്ടുവരുന്നതിന് വിലക്കുണ്ടോ; | (സി) | ഇല്ല. |
| (ഡി) ഹയർസെക്കണ്ടറി പരീക്ഷയിൽ ആൾമാറാട്ടം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള ശിക്ഷ എന്താണ്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഹയർ സെക്കന്ററി പരീക്ഷകളിൽ ആൾമാറാട്ടം നടത്തി പരീക്ഷ എഴുതുന്നത് ക്രിമിനൽ കുറ്റമാണ്. യഥാർത്ഥ പരീക്ഷാർത്ഥിക്കെതിരേയും പകരം പരീക്ഷയെഴുതുന്നയാളിനെതിരേയും പോലീസ് കേസ് ഫയൽ ചെയ്യുന്നതും യഥാർത്ഥ വിദ്യാർത്ഥിയെ തുടർന്നുള്ള മൂന്ന് വർഷത്തേയ്ക്ക് ഹയർ സെക്കന്ററി പരീക്ഷയെഴുതുന്നതിൽ നിന്നും വിലക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.